വരുന്ന ഭാഗത്തു നിന്നും മണ്ണെടുത്ത് തൊട്ടടുത്തുള്ള റോഡിന്റെ വശങ്ങളിൽ ഇടുകയുണ്ടായി. ഇതു സംബന്ധിച്ചു അടൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പ്രസ്തുത നിലം നികത്തി ഇർഫാന ബ്രിക്സ് ഇൻഡസ്ട്രീസ് എന്ന പേരിൽ ഒരു യൂണിറ്റ് സ്ഥാപിക്കാനായിരുന്നു വസ്തു ഉടമ ഉദ്ദേശിച്ചിരുന്നതെന്നാണ് അന്വേഷണത്തിൽ നിന്നും അറിയുന്നത്.

(6) നാട്ടകം പഞ്ചായത്തിൽ മൂലേഴത്തോട്ടിൽ പോള വാരാനിറങ്ങി മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സാംമ്പത്തിക സഹായം

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കോട്ടയം ജില്ലയിലെ മൂലേഴത്തോട്ടിൽ പോള വാരാനിറങ്ങിയ തൊഴിലാളികളിൽ രണ്ടുപേർ മരിച്ചു. മുപ്പതോളം പേരെ മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രിയിലുമായിട്ട് പ്രവേശിപ്പിക്കുകയും ചെയ്തു. സാധാരണക്കാരായ ഈ തൊഴിലാളികൾക്ക് ചികിൽസയ്ക്കായി വളരെ കൂടുതൽ തുക ചെലവ് വന്നിട്ടുണ്ട്. മരിച്ച രണ്ടുപേരുടെ കുടുംബങ്ങൾക്കും ആശുപത്രിയിലായ എല്ലാവർക്കും അടിയന്തിര സഹായം നല്കണം. മരിച്ചവരുടെ ആശ്രിതർക്ക് ആയിരം രൂപ വീതവും ആശുപത്രിയിൽ കഴിയുന്നവർക്ക് 500 രൂപ വീതവും ആണ് ജില്ലാ കളക്ടർ ധനസഹായം കൊടുത്തത്. ഇവർ വളരെയേറെ ബുദ്ധിമുട്ടിലാണ്. ഗവൺമെന്റിന്റെ ഒരു പരിപാടിയനുസരിച്ച് പോള വാരാൻ തോട്ടിലിറങ്ങിയവരാണവർ. അവർക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കോട്ടയം ജില്ലയിലെ നാട്ടകം പഞ്ചായത്തിൽ പോള വാരുവാൻ ഇറങ്ങിയവരിൽ അസുഖം ബാധിച്ചവർക്ക് ആവശ്യമായ വൈദ്യശുശ്രൂഷ ഉറപ്പാക്കിയിട്ടുണ്ട്. രോഗം മൂലം മരിച്ചവരുടെ ആശ്രിതർക്ക് 1000 രൂപ വീതവും ആശുപത്രിയിൽ കഴിയുന്നവർക്ക് 500 രൂപ വീതവും അടിയന്തിരസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ മരിച്ചവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 30,000 രൂപ വീതം ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വിദഗ്ദ്ധ പരിശോധനയിൽ മരണകാരണം എലിപ്പനി എന്ന രോഗമാണെന്ന് സ്ഥിരീകരിച്ചു. രോഗം തടയുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാംപുകളും രോഗാണുബാധ ഉണ്ടാകാൻ സാദ്ധ്യതയുള്ളവർക്ക് രോഗപ്രതിരോധ ചികിത്സയും നൽകി വരുന്നു. കൂടാതെ ശുദ്ധജല വിതരണത്തിനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ ഫലമായി നാട്ടകം പഞ്ചായത്തിൽ ഉണ്ടായ എലിപ്പനി രോഗം ഇപ്പോൾ നിയന്ത്രണ വിധേയമാണ്.

(7) പാലപ്പെട്ടിയിൽ മുസ്ളീം ലീഗു പ്രവർത്തകനായ അബ്ദുൾ കരീം കൊല്ലപ്പെട്ടത് സംബന്ധിച്ച്

ശ്രീ. കെ.പി.എ. മജീദ് : സർ, പൊന്നാനി നിയോജക മണ്ഡലത്തിലെ പാലപ്പെട്ടിയിൽ ഇന്നലെയുണ്ടായ നിർഭാഗ്യകരവും മൃഗീയവുമായ ഒരു കൊലപാതകത്തെക്കുറിച്ചാണ് മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. മുസ്ളീം ലീഗ് പ്രവർത്തകനായ അബ്ദുൾ കരീം ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബൈക്കിൽ യാത്ര ചെയ്തുകൊണ്ടിരിക്കെ വാഹനം നിർത്തുന്നതിനുവേണ്ടി ഒരു സംഘം ആഗ്യം കാണിക്കുകയും ബൈക്ക് നിർത്തിയ സന്ദർഭത്തിൽ ആറോളം പേരടങ്ങുന്ന ആ സംഘം മാരകായുധങ്ങളുപയോഗിച്ച് വെട്ടിയും കുത്തിയും അയാളെ കൊലപ്പെടുത്തിയ നിർഭാഗ്യകരമായ സംഭവമാണ് പാല പ്പെട്ടിയിലുണ്ടായിട്ടുള്ളത്. ഇടതുകൈ അറ്റുപോയ നിലയിലും കുടൽമാല പുറത്തു ചാടിയ നിലയിലും അബ്ദുൾ കരീമിനെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി എങ്കിലും വഴിവച്ച് മരിക്കുകയാണുണ്ടായത്. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി അവിടെ സംഘട്ടനങ്ങൾ തുടരുകയാണ്. കോൺഗ്രസിൽ നിന്നും ഈയടുത്ത കാലത്ത് രാജി വച്ച് ലീഗിൽ ചേർന്നതിന്റെ രാഷ്ട്രീയ വിരോധമാണ് ഈ സംഭവത്തിനു പിന്നിലുള്ളത്. അണ്ടത്തോട് സർവ്വീസ് ബാങ്ക് ഡയറക്ടർ ശ്രീ. കോയയുടെ നേതൃത്വത്തിലുള്ള ആറംഗ സംഘമാണ് മൃഗീയമായ ഈ കൊലപാതകത്തിന് നേതൃത്വം നൽകിയിട്ടുള്ളത് എന്നാണ് എന്റെ അറിവ്. പോലീസുദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ടപ്പോൾ പ്രതികളെ പിടിച്ചു എന്നാണ് പറഞ്ഞതെങ്കിലും ഈ കൃത്യം നിർവ്വഹിച്ചയുടനെ ഈ ആറംഗസംഘം സ്ഥലത്തെ ഒരു പ്രദേശിക കോൺഗ്രസ് നേതാവിന്റെ ഒത്താ ശയോടുകൂടി ഉടനെ സ്ഥലംവിട്ടു എന്നാണ് അറിയുന്നത്. അതുകൊണ്ട് പ്രതി കളെ പിടിച്ചു എന്നുപറയുന്നത് ശരിയാണെന്ന് എനിക്കു തോന്നുന്നില്ല. ഒരു പക്ഷേ മറ്റു നിരപരാധികളായ ആളുകളെ പിടിച്ചു പ്രതികളാക്കുന്ന രീതിയാ യിരിക്കാം സംഭവിച്ചിട്ടുള്ളത്. അതുകൊണ്ട് മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇട പെടുകയും യഥാർത്ഥ പ്രതികളെ പിടികൂടാൻ നടപടിയെടുക്കുകയും ചെയ്യണം. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാനും അവിടെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനുംവേണ്ടി അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണ മെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ യിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, മലപ്പുറം ജില്ല യിലെ പെരുംപടപ്പിനടുത്തുള്ള പാലപ്പെട്ടിയിൽ വച്ച് 19.3.2000-ന് രാത്രി ഏഴു മണിക്കുശേഷം മോട്ടോർ സൈക്കിളിൽ യാത്ര ചെയ്തിരുന്ന ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രവർത്തകനായിവരുന്ന അബ്ദുൾ കരീമിനെ വെട്ടിയും കുത്തിയും കൊലപ്പെടുത്തിയ ദാരുണമായൊരു സംഭവമുണ്ടായി. കപ്പച്ചാലിൽ ഗഫൂർ എന്ന ആളിനോടൊപ്പം മോട്ടോർ സൈക്കിളിൽ യാത്ര ചെയ്യുമ്പോഴാണ് ലീഗിന്റെ പ്രവർത്തകനായ കരീമിനെ കോൺഗ്രസ് പ്രവർത്ത കരായ അക്ബർ, രാജേഷ് തുടങ്ങിയ പത്തോളം പേർ ചേർന്ന് മാരകായുധ ങ്ങളുപയോഗിച്ച് ആക്രമിച്ചത്. തലയ്ക്ക് കമ്പികൊണ്ട് അടിയേറ്റ് മോട്ടോർ സൈക്കിളിൽനിന്ന് താഴെ വീണ കരീമിനെ കത്തികൊണ്ട് കുത്തി മാരകമായ പരിക്കുകൾ ഏൽപ്പിക്കുകയുണ്ടായി. ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകും വഴി കരീം മരണമടഞ്ഞു. ഇതു സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാ നിയമം 302-ാം വകുപ്പുൾപ്പെടെ വിവിധ വകുപ്പുകൾ പ്രകാരം ക്രൈം 35/2-ാം നംപ രായി പെരുംപടപ്പ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേ ഷണം നടത്തിവരികയാണ്. കോൺഗ്രസ്സിൽ നിന്നുള്ള പ്രവർത്തകർ മുസ്ലീം ലീഗിലേയ്ക്കു ചേർന്നതിലുള്ള രാഷ്ട്രീയ വിരോധമാണ് കരീമിന്റെ കൊലപാ തകത്തിനു കാരണമായ സംഭവമെന്നാണ് റിപ്പോർട്ട് ലഭിച്ചത്. ആ പ്രദേ ശത്തെ ഇൻഡ്യൻ യൂണിയൻ ലീഗിന്റെ പ്രവർത്തകരും കോൺഗ്രസ്(ഐ) പ്രവർത്തകരും തമ്മിൽ കഴിഞ്ഞ കുറേ നാളുകളായി സംഘർഷം തുടരുകയാ ണ്. ഇന്ത്യൻ യൂണിയൻ ലീഗിന്റെ പ്രവർത്തകരെ കോൺഗ്രസ്സുകാർ ആക്ര മിച്ചു പരുക്കേല്പ്പിച്ചതിനെത്തുടന്ന് പെരുംപടപ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം

LIBRARY ARCHIVES Kerala Legislative Assembly

117/99 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മുസ്ലീം ലീഗിന്റെ പ്രവർത്തകരെ കോൺഗ്രസ്(ഐ) പ്രവർത്തകർ ആക്രമിച്ചതുമായി ബന്ധപ്പെട്ട് രണ്ടുകേസുകൾ രജിസ്റ്റർ ചെയ്ത അന്വേഷണം നടത്തുന്നുണ്ട്. രാഷ്ട്രീയ വിരോധം കാരണം കോൺഗ്രസ്(ഐ) പ്രവർത്തകർ സംഘം ചേർന്ന് മോട്ടോർ സൈക്കിൾ തടഞ്ഞുനിർത്തി ഇൻഡ്യൻ യൂണിയൻ ലീഗ് പ്രവർത്തകനായ കരീമിനെ കൊലപ്പെടുത്തിയ സംഭവത്തെക്കുറിപ്പ് നടത്തിയ അന്വേഷണത്തെത്തുടർന്ന് കോൺഗ്രസ് (ഐ) പ്രവർത്തകരായ ഏഴു പേരെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തുവരികയാണെന്നാണ് റിപ്പോർട്ട്. മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും ആവശ്യമായ നടപടി എടുത്തിട്ടുണ്ട്. സ്ഥലത്ത് സംഘർഷങ്ങൾ തടയുന്നതിന് ശക്തമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ അവിടെ സമാധാനപരമായ അന്തരീക്ഷമാണുള്ളത്.

(8) നെടുംപാശ്ശേരി വിമാനത്താവളത്തോടനുബന്ധിച്ച് ഹജ്ജ് ഹൗസ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി.പി. തങ്കച്ചൻ : സർ, ഇത്തവണ കേരളത്തിൽ നിന്നും ഹജ്ജ് തീർത്ഥാടനത്തിനുപോയവരിൽ ബഹുഭൂരിപക്ഷവും നെടുംപാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നാണ് പോയിട്ടുള്ളത്. കേരളത്തിൽ നിന്നും പോയ 11,000 പേരിൽ ഏകദേശം 8,000 പേർ നെടുംപാശ്ശേരി വിമാനത്താവളത്തിൽ നിന്നുമാണ് പോയിട്ടുള്ളത്. ഇവർക്കുവേണ്ടിമാത്രം ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ 24 ഹജ്ജ് സർവ്വീസുകൾ നടത്തുകയുണ്ടായി. അതിനു പുറമേ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വിമാനകംപനികൾ 5 സർവ്വീസുകളും നടത്തുകയുണ്ടായി. ഈ വർഷം പോയ ഹജ്ജ് തീർത്ഥാടകർക്ക് ഈ വിമാനത്താവളത്തിൽനിന്നും ഏകദേശം 20 കിലോമീറ്റർ അകലെയുള്ള മാറംപള്ളി എന്ന സ്ഥലത്തുള്ള എം.ഇ.എസ്. കോളേജിലാണ് താമസ സൗകര്യങ്ങൾ ഒരുക്കിയിരുന്നത്. പരിമിതമായ സൗകര്യങ്ങൾ പരമാവധി അവർക്ക് പ്രയോജനപ്പെടുത്തി എന്നുള്ള കാര്യത്തിൽ എം.ഇ.എസ്. ന്റെ പ്രവർത്തകരെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഇത്രത്തോളം തീർത്ഥാടകർക്ക് അതുപോലുള്ള ഒരു സ്ഥലത്ത് താമസിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഇല്ല. ഇന്ത്യയിൽത്തന്നെ ഡൽഹി, കൽക്കട്ട, ലക്നൗ, ബോംബെ, ചെന്നൈ, ഹൈദരാബാദ് മുതലായ സ്ഥലങ്ങളിൽനിന്നും ഹജ്ജിനുപോകുന്നവർക്ക് വിമാനത്താവളത്തോടനുബന്ധമായി ഹജ്ജ് ഹൗസുകൾ പണിയുന്നതിനുള്ള തീരുമാനങ്ങളായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തമിഴ്നാട് ഗവൺമെന്റും മഹാരാഷ്ട്ര ഗവൺമെന്റും ഇതിനകംതന്നെ ഹജ്ജ് ഹൗസുകൾ പണിതുകഴിഞ്ഞു. സെൻട്രൽ ഗവൺമെന്റിന്റെ വകയായി ഡൽഹിയിൽ ഒരു ഹജ്ജ് ഹൗസ് പണിയാൻ ഉദ്ദേശിക്കുന്നതായി മനസ്സിലാക്കുന്നു. നെടുംപാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് ഹജ്ജ് തീത്ഥർടാകരുടെ സൗകര്യം കണക്കിലെടുത്ത് ഒരു ഹജ്ജ് ഹൗസ് പണിയുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കണം, ഹജ്ജ് കമ്മിറ്റിയും മറ്റ് സംഘടനകളും ഈ കാര്യത്തിൽ സഹായിക്കുമെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അടിയന്തിരമായി ഇക്കാര്യങ്ങളിൽ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly